കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - മുഴപ്പിലങ്ങാട് ഗ്രാമപഞ്ചായത്ത് - 2013 -14 വാർഷിക പദ്ധതി-പൊതുമരാമത്ത് പ്രവർത്തികളിൽ കാലതാമസം വരുത്തിയതിന് കരാറുകാരനിൽ നിന്നും ഈടാക്കിയ പിഴ തിരിച്ചു നൽകുന്നത്- അനുമതി നല്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്

സ.ഉ(സാധാ) നം. 110/ 2019/ തസ്വഭവ തിരുവനന്തപുരം, തീയതി, 21.01.2019.

---

വായന :- 1. ശ്രീ.കെ. ഹരീന്ദ്രൻ സമർപ്പിച്ച 25.07.2015 ലെ അപേക്ഷ .

2. മുഴപ്പിലങ്ങാട് ഗ്രാമപഞ്ചായത്ത് ഭരണ സമിതിയുടെ 28.09.2015 ലെ 163/ 15-ാം നമ്പർ തീരുമാനം .

3. പഞ്ചായത്ത് ഡയറക്ടറുടെ 26/ 06/ 2018 ലെ ജെ 1 - 28148/ 17 നമ്പർ കത്ത്.

## ഉത്തരവ്

മുഴപ്പിലങ്ങാട് ഗ്രാമപഞ്ചായത്തിന്റെ 2013 -14 വാർഷിക പദ്ധതി പ്രകാരം പൂർത്തിയാക്കിയ മൂന്ന് പൊതുമരാമത്ത് പ്രവൃത്തികൾ നിശ്ചിത സമയത്തിനകം പൂർത്തീകരിക്കാത്തതിനാൽ,കരാറുകാരനായ ശ്രീ.കെ.ഹരീന്ദ്രൻ എന്നയാളിൽ നിന്നും 260540 /- രൂപ (രണ്ട് ലക്ഷത്തി അറുപത്തിനായിരത്തി അഞ്ഞൂറ്റി നാല്പത് രൂപ മാത്രം ) പിഴയായി ഈടാക്കിയിട്ടുണ്ടായിരുന്നു.

2) പ്രസ്തുത പ്രവൃത്തികൾ പൂർത്തീകരിക്കാൻ കാലതാമസം നേരിട്ടത് മനഃപൂർവ്വമല്ലെന്നും, രോഗ ബാധിതനായതിനാലാണ് അങ്ങനെ സംഭവിച്ചത് എന്നും ആയതിനാൽ ഈടാക്കിയ പിഴ തിരികെ നല്കണമെന്നും പരാമർശം 1 പ്രകാരം ടിയാൻ അപേക്ഷിക്കുകയുണ്ടായി. പ്രസ്തുത പ്രവൃത്തികളുടെ പൂർത്തീകരണത്തിലുണ്ടായ കാലവിളംബം മാപ്പാക്കുന്നതിനും, ഈടാക്കിയ പിഴ തുക സർക്കാർ അനുമതിക്ക് വിധേയമായി തിരിച്ച് നൽകുന്നതിനും പരാമർശം 2 പ്രകാരം മുഴപ്പിലങ്ങാട് ഗ്രാമപഞ്ചായത്ത് ഭരണ സമിതി തീരുമാനിച്ചിരുന്നു. ആയത് പരാമർശം 3 പ്രകാരം പഞ്ചായത്ത് ഡയറക്ടർ സർക്കാർ അനുമതിക്കായി ലഭ്യമാക്കുകയുണ്ടായി.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു.മുഴപ്പിലങ്ങാട് ഗ്രാമപഞ്ചായത്ത് ഭരണ സമിതിയുടെ അഭിപ്രായം പരിഗണിച്ച്, മുഴപ്പിലങ്ങാട് ഗ്രാമപഞ്ചായത്തിന്റെ 2013 -14 വാർഷിക പദ്ധതി പ്രകാരം പൂർത്തിയാക്കിയ മൂന്ന് പൊതുമരാമത്ത് പ്രവൃത്തികൾ നിശ്ചിത സമയത്തിനകം പൂർത്തീകരിക്കാത്തതിനാൽ ,കരാറുകാരനായ ശ്രീ.കെ.ഹരീന്ദ്രൻ എന്നയാളിൽ നിന്നും 260540 /- രൂപ (രണ്ട് ലക്ഷത്തി അറുപത്തിനായിരത്തി അഞ്ഞൂറ്റി നാല്പത് രൂപ മാത്രം ) പിഴയായി ഈടാക്കിയത് തിരികെ നൽകാൻ ഗ്രാമപഞ്ചായത്തിന് അനുമതി നല്കി ഉത്തരവാകുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം

പാറ്റ്സി സ്റ്റീഫൻ
ജോയിന്റ് സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
സെക്രട്ടറി/പ്രസിഡന്റ്, മുഴപ്പിലങ്ങാട് ഗ്രാമ പഞ്ചായത്ത്, കണ്ണൂർ
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം
ഓഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ

പകർപ്പ്:- ബഹു.തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ